ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ പ്രൊമോഷൻ ചാനലിൽ മാറ്റം

79 (3831) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ ശമ്പള സ്കെയിൽ പ്രൊമോഷൻ ചാനലിൽ മാറ്റം വരുത്തി, റൂളിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തിനുമേൽ നടപടി ഏതുവരെയായി ;

(ബി) ഇതിനായി കരട് റൂൾ തയ്യാറായിക്കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ കരട് റൂൾ തയ്യാറാക്കിത്തരേണ്ടതാരാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രൊമോഷൻ ചാനൽ മട് വകുപ്പുകളിലെപ്പോലെ യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് എന്നായി മാറ്റം വരുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-ഇ) ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അയവുവരുത്താൻ അനുമതി

80 (3832) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ നിന്നും വീട് വയ്ക്കുവാൻ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അയവ് വരുത്തി അനുമതി നൽകണമെന്ന് ടി. ജെ. വില്യംസ് എന്നയാൾ അപേക്ഷിച്ചിരുന്നുവോ ; എങ്കിൽ എന്ന് ;

(ബി) പ്രസ്തുത അപേക്ഷയിൽ തീരുമാനമായോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 10-9-2002-ൽ ശ്രീ. ടി. ജെ. വില്യംസ്, ശ്രീ. ടി. ജയിംസ് എന്നിവർ മേഖലാ നിയന്ത്രണത്തിൽ നിന്നും ഇളവിനുള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി.

(ബി&സി) 15-7-2003-ലെ 25264/എം 2/2003/എൽ.എസ്.ജി.ഡി. നമ്പർ കത്ത് പ്രകാരം പ്രസ്തുത അപേക്ഷ നിരസിച്ചുകൊണ്ട് അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly